പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3635 — 26.06.2012 -ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എഫ്. തോമസ്<br>" റ്റി.യു. കുരുവിള | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേരളത്തിലെ എല്ലാ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദീകരണം ലഭ്യമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുവരുന്നു.<br>ഒന്നാംഘട്ടമായി 30 ബസ് സ്റ്റേഷനുകളിലും രണ്ടാംഘട്ടമായി 29 ബസ് സ്റ്റേഷനുകളിലും ഷോപ്പിംഗ് കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.<br>ഇതിന്റെ ഭാഗമായി തമ്പാനൂർ, തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിൽ B.O.T അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ പണി നടന്നുവരുന്നു. ഇതിൽ അങ്കമാലിയിലെ പണി പൂർത്തിയായിക്കഴിഞ്ഞു. കൂടാതെ, കെ.എസ്.ആർ.ടി.സി നേരിട്ട് കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ് എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകളുടെ പണി പൂർത്തിയാക്കി കഴിഞ്ഞു. നെയ്യാറ്റിൻകര, നെടുമങ്ങാട്, തൊടുപുഴ, ഹരിപ്പാട്, കോട്ടയം, പാല, നിലമ്പൂർ എന്നീ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ എടുത്തുകഴിഞ്ഞു. |
| (ബി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള ബസ് സ്റ്റേഷൻ ബിൽഡിംഗുകൾ, ടോയ്ലറ്റുകൾ, സ്റ്റാഫ് റിട്ടയറിംഗ് റൂം തുടങ്ങിയവ നവീകരിക്കുന്നതിന് നടപടി എടുത്തിട്ടുണ്ട്. കൂടാതെ മോശമായികിടക്കുന്ന ബസ് സ്റ്റേഷൻ യാർഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിനും |

| | | | |
|---|---|---|---|
| | | | ടാർചെയ്യുന്നതിനും മേജർ വർക്ക് - ഷോപ്പുകളും, ഗ്യാരേജുകളും നവീകരിക്കുന്നതിനുമുള്ള നടപടികളും എടുത്തിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ പേ ആൻഡ് യൂസ് ശൗചാലയങ്ങൾ വൃത്തിഹീനമായി കിടക്കുന്നത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പേ ആന്റ് യൂസ് ശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് എല്ലാ യൂണിറ്റ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.<br>കൂടാതെ സുലഭ് ഏറ്റെടുത്തിട്ടുള്ള സ്ഥലങ്ങളിൽ വൃത്തിയായി സൂക്ഷിക്കുന്നതിന് കർശന നിർദ്ദേശം അവർക്ക് നൽകിയിട്ടുണ്ട്. |

Kc Dominic

സെക്ഷൻ ഓഫീസർ